©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2024 ജൂലൈ 26<br>26th July 2024<br>1199 കർക്കടകം 11<br>11th Karkadakam 1199<br>1946 ശ്രാവണം 4<br>4th Sravana 1946 | നമ്പർ<br>No. | 2415 |

GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No. 32/Leg.B2/2024/Law. *Dated, Thiruvananthapuram, 26th July, 2024*
*11th Karkadakam, 1199*
*4th Sravana, 1946.*

The following Act of the Kerala State Legislature is hereby published for general information. The Bill as passed by the Legislative Assembly received the assent of the Governor on the 25th day of July, 2024.

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# ACT 17 OF 2024

## THE KERALA REVENUE RECOVERY (AMENDMENT) ACT, 2024

*An Act further to amend the Kerala Revenue Recovery Act, 1968.*

*Preamble.*—WHEREAS, it is expedient further to amend the Kerala Revenue Recovery Act, 1968 for the purposes hereinafter appearing;

BE it enacted in the Seventy-fifth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Revenue Recovery (Amendment) Act, 2024.

(2) It shall come into force at once.

2. *Amendment of section 2.*—In section 2 of the Kerala Revenue Recovery Act, 1968 (15 of 1968) (hereinafter referred to as the principal Act),—

(i) after clause (b), the following clauses shall be inserted, namely:—

"(ba) "bought-in-land" means and includes any immovable property purchased on behalf of the Government or the institution under sub-section (2) of section 50 of this Act;

(bb) "collection charges" means and includes any amount payable by the defaulter to the Government, at such rate as may be prescribed by the Government in this behalf, for the realisation of amounts due under the provisions of this Act;";

(ii) in item (ii) of clause (d) after the words "any property attached", the words "and service of the notice under postage" shall be inserted;

(iii) after clause (f), the following clause shall be inserted, namely:—

"(fa) "e-auction" means an auction conducted through online mode;";

(iv) after clause (i), the following clause shall be inserted, namely:—

"(ia) "processing charge" means the amount payable to the Government by an institution notified under section 71 of this Act, at such rate as may be prescribed by the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Government in this behalf, in the instances of realisation of arrears directly by the requisition authority after the initiation of revenue recovery proceedings;".

3. *Amendment of section 6.*—In section 6 of the principal Act,—

(i) for the words "twelve per cent", the words "nine per cent" shall be substituted;

(ii) after the existing provision, the following proviso shall be added, namely:—

"Provided that such interest rate shall not exceed the contractual rate of interest, if any, entered into between the defaulter and the institution, in cases where the recovery is initiated upon the application of the institution notified under section 71 of this Act.".

4. *Amendment of section 12*.—In sub-section (1) of section 12 of the principal Act,—

(i) after the words "public auction", the words "which may include e-auction" shall be inserted;

(ii) after the words "notice shall also be published", the words "in a newspaper having circulation in the area in which the attachment or sale takes place or both and in the website of the District Administration concerned" shall be inserted.

5. *Amendment of section 36.*—In section 36 of the principal Act, after sub-section (2), the following sub-section shall be added, namely:—

"(3) The defaulter may request the Collector to limit the attachment to a portion of the immovable property attached, if it is found that the total amount of the fair value and the value of the improvements in it exceeds the arrear amount. On receiving such application the Collector may limit the attachment to a portion of such property if he is satified that the arrear can be collected by selling such position of the property.

*Explanation*:—For the purpose of this sub-section, fair value means fair value fixed under the Kerala Stamp Act, 1959 (17 of 1959).".

6. *Amendment of section 44*.—In section 44 of the principal Act, after sub-section (3) the following sub-section shall be inserted, namely:—

"(4) Notwithstanding anything contained in this Act, the defaulter may be permitted to make an agreement for sale of the immovable property attached wholly or in part after getting

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

permission from the Collector upon an application jointly submitted by the defaulter and the purchaser of the property. The purchaser shall, before executing the sale deed, remit the revenue recovery dues with interest and other charges out of the sale consideration as per the said agreement at the village office or at the treasury through challan and the original receipt shall be produced before the Collector.".

7. *Amendment of section 49*.—In section 49 of the principal Act,—

(i) in item (1) after the words "public auction", the words and symbol "including e-auction" shall be inserted;

(ii) in item (2) after the words "duly served and published", the words "in a newspaper having circulation in the area in which the attachment or sale takes place or both and in the website of the District Administration concerned" shall be inserted.

8. *Amendment of section 50*.—In section 50 of the principal Act,—

(1) for the marginal heading, the following marginal heading shall be substituted, namely:—

"*Bidding on behalf of the Government or the institution notified under section 71 of this Act*";

(2) in sub-section (2),—

(a) in item (i), for the words "on behalf of the Government for an amount of ten paise", the words and figure "on behalf of the Government or the institution notified under section 71 of this Act for an amount of one rupee" shall be substituted;

(b) in item (ii),—

(i) for the words "on behalf of the Government for an amount higher than such bid by ten paise", the words, figure and symbols "on behalf of the Government or the institution notified under section 71 of this Act, as the case may be, for an amount higher than such bid by one rupee," shall be substituted;

(ii) after the words "in either case the Government", the words and figure "or the institution notified under section 71 of this Act" shall be inserted;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) in sub-section (3), after the words “on behalf of the Government”, the words and figure “or the institution notified under section 71 of this Act” shall be inserted;

(4) in sub-section (4),—

(a) after the words “on behalf of the Government”, the words and figure “or the institution notified under section 71 of this Act” shall be inserted;

(b) after the words “take possession of the property”, the words, figure and symbols “and if the property is purchased under this section on behalf of the institution notified under section 71 of this Act, possession of the property shall be handed over to such institution and appropriate changes shall be effected in the revenue records, after realizing the collection or processing charges, as the case may be, from such institution” shall be inserted;

(5) after sub-section (4), the following sub-sections shall be added, namely:—

“(5) When a property is purchased as bought-in-land, necessary changes are to be made in the revenue records and the same shall be intimated to the defaulter and to the sub-registry office concerned in the prescribed form.

(6) When an immovable property is purchased on behalf of the Government or any institution notified under section 71 of this Act, the Collector shall calculate the value of the property in accordance with the provisions contained in clause (b) of sub-section (1) of section 26 and section 27 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013). If the value so calculated is not sufficient to discharge the arrear dues and the interest thereon and other charges, it shall be deducted from such dues and the deficit amount shall be continued as arrear and if the value so calculated exceeds such dues, the balance amount shall be paid over to the defaulter after liquidating such dues, in such manner as may be prescribed.”.

9. *Insertion of new section 50A*.—After section 50 of the principal Act, the following section shall be inserted, namely:—

“50A. *Reconveyance of Bought-in-Land*.—(1) If the defaulter applies for reconveyance of bought-in-land within a period of 5 years from the date of confirmation of sale, after remitting the entire revenue recovery dues with processing charge and interest till the date of application with the permission of the Collector, the Collector shall on the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

acceptance of the original receipt or treasury challan of such remittance and ensuring that the arrears are realized in full, order reconveyance of such bought-in-land in favour of the defaulter. In cases where the property is purchased as bought-in-land in favour of the institution notified under section 71 of this Act, if the defaulter applies for reconveyance of bought-in-land within a period of 5 years from the date of confirmation of sale, after remitting the entire revenue recovery dues with processing charge and interest till the date of application with the permission of the Collector, the institution concerned on satisfaction of the same shall reconvey the bought-in-land in favour of the defaulter.

(2) No application for reconveyance of bought-in-land shall be entertained on expiry of five years from the date of confirmation of such sale.

(3) The Government or the institution notified under section 71 of this Act shall not transfer the land or set apart the land for any public purpose for the said period of five years and no changes shall be made on the property during such period.

*Explanation*:—For the purpose of this section, defaulter includes legal heirs also.".

10. *Amendment of section 54*.—In section 54 of the principal Act, in the proviso after the words and symbols "which has been made and rejected, he may, after" the words "giving the parties concerned a reasonable opportunity of being heard and" shall be inserted.

11. *Amendment of section 57*.—For sub-section (2) of section 57 of the principal Act, the following sub-section shall be substituted, namely:—

"(2) The certificate of sale issued under sub-section (1) of section 56 of this Act shall be registered as per the provisions of the Indian Registration Act, 1908 (Central Act 16 of 1908).".

12. *Amendment of section 69*.—In sub-section (2) of section 69 of the principal Act, after the words "certified by him", the words, symbols and figures "before the debt is barred by limitation under the Limitation Act, 1963 (Central Act 36 of 1963)" shall be inserted.

13. *Amendment of section 74.*—In section 74 of the principal Act,—

(i) in item (a) the word "male" shall be omitted;

(ii) in item (b) after the word "by registered post" the words and symbol "or by e-mail" shall be inserted.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

14. *Insertion of new sections 83A, 83B, 83C and 83D*.—After section 83 of the principal Act, the following sections shall be inserted, namely:—

"*83A. Special power of the Government to issue stay and instalments*.—Notwithstanding anything contained in this Act or rules made thereunder, after the service of a demand notice under section 7 or section 34, upon an application by the defaulter, the Government may postpone further proceedings under this Act and the Government or such other officer duly notified by the Government may allow the defaulter to remit such arrear in instalments subject to such other conditions, as may be prescribed by the Government, except the cases of compensation under the Employee's Compensation Act,1923 (Central Act 8 of 1923), gratuity benefits amount to be paid in compliance with the order of any Courts or Tribunals.

83B. *Power of the Government to issue Moratorium*.—Notwithstanding anything contained in this Act, the Government have the power to issue moratorium for the entire revenue recovery proceedings subject to the conditions and guidelines, as may be notified by the Government, from time to time.

83C. *Settlement Scheme for Bought-in-Land*.—The Government or requisition authority of the institutions notified under section 71 of this Act may introduce settlement scheme for the recovery of arrear amounts before the period stipulated under section 50A of this Act for the reconveyance of the bought-in-land. The settlement entered into between the defaulter and the requisition authority after initiation of revenue recovery proceedings shall be done under prior intimation to the Collector or the authorised officer concerned.

83D. *Intimation of Settlement Scheme*.—If any settlement scheme is introduced by the requisition authority for the recovery of arrears or any settlement is entered into between the defaulter and the requisition authority concerned, after the initiation of revenue recovery proceedings, it shall be done under prior intimation to the Collector or the authorised officer concerned:

Provided that in such instances of settlement of arrears under the settlement scheme, the requistion authority concerned is liable to remit the expenses incurred in connection with the recovery proceedings till the date of such settlement along with the processing charges or collection charges, as the case may be.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള സർക്കാർ

<u>നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്</u>

## വിജ്ഞാപനം

നമ്പർ 32/ലെഗ്.ബി2/2024/നിയമം.

*തിരുവനന്തപുരം, 2024 ജൂലൈ 26*
*1199 കർക്കടകം 11*
*1946 ശ്രാവണം 4.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2024 ജൂലൈ 25-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2024-ലെ 17-ാം ആക്റ്റ്

## 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ആക്റ്റ്

1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റ് (1968-ലെ 15) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) "ബോട്ട്-ഇൻ-ലാൻഡ്" എന്നാൽ ഈ ആക്റ്റിന്റെ 50-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ ഗവൺമെന്റിനോ സ്ഥാപനത്തിനോ വേണ്ടി വാങ്ങിയ ഏതെങ്കിലും സ്ഥാവരവസ്തു എന്ന് അർത്ഥമാകുന്നതും അതിൽ അവ ഉൾപെടുന്നതും ആകുന്നു;

(ബിബി) "കളക്ഷൻ ചാർജ്ജുകൾ" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു കീഴിൽ കുടിശ്ശികയായ തുകകൾ വസൂലാക്കുന്നതിനായി, സർക്കാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർണ്ണയിക്കുന്ന അത്തരം നിരക്കിൽ, വീഴ്ചക്കാരൻ സർക്കാരിന് ഒടുക്കേണ്ട ഏതെങ്കിലും തുക എന്ന് അർത്ഥമാകുന്നതും അതിൽ അവ ഉൾപ്പെടുന്നതുമാകുന്നു;";

(ii) (ഡി) ഖണ്ഡത്തിന്റെ ഇനം (ii)-ൽ "ഉണ്ടാകുന്ന ചിലവുകളും" എന്ന വാക്കുകൾക്കു ശേഷം, "നോട്ടീസ് നടത്തിപ്പിന്റെ തപാൽക്കൂലിയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (എഫ്) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്എ) "ഇ-ഓക്ഷൻ" എന്നാൽ ഓൺലൈൻ മോഡ് വഴി നടത്തുന്ന ലേലം എന്ന് അർത്ഥമാകുന്നു;";

(iv) (ഐ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) "പ്രോസസ്സിംഗ് ചാർജ്ജ്" എന്നാൽ നികുതി വസൂലാക്കൽ നടപടികൾ ആരംഭിച്ചതിനു ശേഷം അർത്ഥനാധികാരി നേരിട്ട് കുടിശ്ശിക വസൂലാക്കുന്ന സംഗതികളിൽ, ഇതിലേക്കായി സർക്കാർ നിർണ്ണയിച്ചേക്കാവുന്ന അത്തരം നിരക്കിൽ, ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാപനം സർക്കാരിലേക്ക് ഒടുക്കേണ്ടതായ തുക എന്നർത്ഥമാകുന്നു;".

3. <u>6-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 6-ാം വകുപ്പിൽ,—

(i) "പന്ത്രണ്ട് ശതമാനം" എന്ന വാക്കുകൾക്ക് പകരം, "ഒൻപത് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) നിലവിലുള്ള വ്യവസ്ഥയ്ക്കു ശേഷം, താഴെപറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ഈ ആക്റ്റിലെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിന്റെ അപേക്ഷയിൻമേൽ വസൂലാക്കൽ നടപടികൾ ആരംഭിക്കുന്ന സംഗതികളിൽ, വീഴ്ചക്കാരനും സ്ഥാപനവും തമ്മിൽ ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുള്ള പക്ഷം, അത്തരം പലിശ നിരക്ക്, കരാറിലുള്ള പലിശ നിരക്കിൽ കവിയാൻ പാടുള്ളതല്ല.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. <u>12-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) "പൊതു ലേലത്തിൽ വിൽക്കാവുന്നതാണ്" എന്ന വാക്കുകൾക്ക് മുമ്പായി, "ഇ-ഓക്ഷൻ ഉൾപ്പടെയുള്ള" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) "വസ്തു സംബന്ധിച്ച ലിസ്റ്റിന്റെയോ പട്ടികയുടെയോ ഒരു പ്രതിയും നോട്ടീസിന്റെ ഒരു പ്രതിയും കൂടി പരസ്യപ്പെടുത്തേണ്ടതാണ്." എന്ന വാക്യത്തിനു പകരം, "വസ്തു സംബന്ധിച്ച് പട്ടികയുടെയോ വിവരപട്ടികയുടെയോ പകർപ്പും നോട്ടീസിന്റെ പകർപ്പും കൂടി ജപ്തിയോ വിൽപനയോ നടക്കുന്ന പ്രദേശത്തും അല്ലെങ്കിൽ രണ്ടിടത്തിലും ബന്ധപ്പെട്ട ജില്ലാ ഭരണകൂടത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്." എന്ന വാക്യം ചേർക്കേണ്ടതാണ്.

5. <u>36-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 36-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(3) സ്ഥാവരവസ്തുവിന്റെ ന്യായവിലയുടെയും അതിലെ ദേഹണ്ഡങ്ങളുടെ മൂല്യത്തിന്റെയും ആകെ തുക കുടിശ്ശിക തുകയെക്കാൾ അധികരിക്കുന്നുവെന്നു കാണുന്നപക്ഷം, വീഴ്ചക്കാരന് ജപ്തി ചെയ്യേണ്ട സ്ഥാവരവസ്തുവിന്റെ ഒരു ഭാഗത്തുമാത്രമായി ജപ്തി പരിമിതപ്പെടുത്തണമെന്ന് കളക്ടറോട് അപേക്ഷിക്കാവുന്നതാണ്. അപ്രകാരമുള്ള അപേക്ഷ ലഭിക്കുമ്പോൾ വസ്തുവിന്റെ അത്തരം ഭാഗത്തിന്റെ വിൽപ്പന വഴി കുടിശ്ശിക ഈടാക്കുവാൻ കഴിയുമെന്ന് കളക്ടർക്ക് ബോധ്യപ്പെടുന്ന പക്ഷം, അത്തരം വസ്തുവിന്റെ ഒരു ഭാഗത്ത് മാത്രമായി അദ്ദേഹത്തിന് ജപ്തി പരിമിതപ്പെടുത്താവുന്നതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, ന്യായവില എന്നാൽ 1959-ലെ കേരള മുദ്രപത്ര ആക്റ്റിൻ (1959 ലെ 17) കീഴിൽ നിശ്ചയിച്ച ന്യായവില എന്നർത്ഥമാകുന്നു.".

6. <u>44-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 44-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വീഴ്ചക്കാരനും വസ്തു വാങ്ങുന്ന ആളും സംയുക്തമായി സമർപ്പിക്കുന്ന അപേക്ഷയിൽ, കളക്ടറിൽ നിന്ന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുമതി ലഭിച്ചതിന് ശേഷം, ജപ്തി ചെയ്തിരിക്കുന്ന സ്ഥാവരവസ്തു പൂർണ്ണമായോ ഭാഗികമായോ വിൽക്കുന്നതിനുള്ള കരാർ ഉണ്ടാക്കാൻ വീഴ്ചക്കാരനെ അനുവദിക്കാവുന്നതാണ്. വാങ്ങുന്ന ആൾ തീറാധാരത്തിൽ ഏർപ്പെടുന്നതിനു മുൻപ്, പ്രസ്തുത കരാർ പ്രകാരമുള്ള വിൽപന പ്രതിഫലത്തിൽ നിന്ന് പലിശ സഹിതമുള്ള നികുതി കുടിശ്ശികയും മറ്റ് ചാർജ്ജുകളും വില്ലേജ് ഓഫീസിലോ ട്രഷറിയിലോ ചലാൻ മുഖേന അടയ്ക്കേണ്ടതും അസ്സൽ രസീത് കളക്ടർ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.".

7. 49-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിൽ,—

(i) (1)-ാം ഇനത്തിൽ "പൊതു ലേലത്തിൽ" എന്ന വാക്കുകൾക്ക് മുമ്പായി, "ഇ-ഓക്ഷൻ ഉൾപ്പടെയുള്ള" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) (2)-ാം ഇനത്തിൽ (vi)-ാം ഉപഇനത്തിൽ "നോട്ടീസ്, വില്പനത്തീയതിക്കു മുപ്പത് ദിവസം മുമ്പെങ്കിലും യഥാവിധി നടത്തുകയും പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു." എന്ന വാക്യത്തിനു പകരം, "നോട്ടീസ്, വില്പനത്തീയതിക്കു മുപ്പത് ദിവസം മുമ്പെങ്കിലും യഥാവിധി നടത്തുകയും പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതും, ജപ്തിയോ വിൽപ്പനയോ നടക്കുന്ന പ്രദേശത്തും അല്ലെങ്കിൽ രണ്ടിടത്തിലും പ്രചാരമുള്ള ഒരു പത്രത്തിലും ബന്ധപ്പെട്ട ജില്ലാ ഭരണകൂടത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാകുന്നു." എന്ന വാക്യം ചേർക്കേണ്ടതാണ്.

8. 50-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 50-ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിനു പകരം താഴെപറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"ഗവൺമെന്റിനോ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ വേണ്ടി ലേലം വിളിക്കൽ";

(2) (2)-ാം ഉപവകുപ്പിൽ,—

(എ) (i)-ാം ഇനത്തിൽ, "ഗവൺമെന്റിനു വേണ്ടി ആ വസ്തു പത്ത് പൈസയ്ക്ക്" എന്ന വാക്കുകൾക്ക് പകരം "ഗവൺമെന്റിനോ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ വേണ്ടി ആ വസ്തു ഒരു രൂപയ്ക്ക്" എന്ന വാക്കുകളും അക്കവും ചിഹ്നവും ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) (ii)-ാം ഇനത്തിൽ,—

(i) "ഗവൺമെന്റിനു വേണ്ടി, അങ്ങനെയുള്ള ലേലത്തുകയെക്കാൾ പത്ത് പൈസ" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം, ",അതതു സംഗതിപോലെ, ഗവൺമെന്റിനോ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ വേണ്ടി അങ്ങനെയുള്ള ലേലത്തുകയെക്കാൾ ഒരു രൂപ" എന്ന വാക്കുകളും ചിഹ്നങ്ങളും അക്കവും ചേർക്കേണ്ടതാണ്;

(ii) "ഗവൺമെന്റ്" എന്ന വാക്കിനു ശേഷം, "അല്ലെങ്കിൽ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനം" എന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്;

(3) (3)-ാം ഉപവകുപ്പിൽ, "ഗവൺമെന്റിന് വേണ്ടി" എന്ന വാക്കുകൾക്ക് പകരം, "ഗവൺമെന്റിനോ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ വേണ്ടി" എന്ന വാക്കുകളും ചിഹ്നവും അക്കവും ചേർക്കേണ്ടതാണ്;

(4) (4)-ാം ഉപവകുപ്പിൽ,—

(എ) "ഗവൺമെന്റിന് വേണ്ടി" എന്ന വാക്കുകൾക്ക് പകരം, "ഗവൺമെന്റിനോ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ വേണ്ടി" എന്ന വാക്കുകളും അക്കവും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) "വസ്തു കൈവശപ്പെടുത്തേണ്ടതുമാകുന്നു" എന്ന വാക്കുകൾക്ക് പകരം, "വസ്തു കൈവശപ്പെടുത്തേണ്ടതും ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനു വേണ്ടിയാണ് ഈ വകുപ്പിന് കീഴിൽ വസ്തു വാങ്ങിയതെങ്കിൽ, അതതു സംഗതി പോലെ, കളക്ഷൻ ചാർജ്ജുകളോ പ്രോസസ്സിംഗ് ചാർജ്ജോ, അത്തരം സ്ഥാപനത്തിൽ നിന്ന് ഈടാക്കിയതിനു ശേഷം വസ്തുവിന്റെ കൈവശാവകാശം ആ സ്ഥാപനത്തിനു കൈമാറേണ്ടതും, റവന്യൂ രേഖകളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുമാകുന്നു" എന്ന വാക്കുകളും അക്കവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(5) (4)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(5) ഒരു വസ്തു ബോട്ട്-ഇൻ-ലാന്റായി വാങ്ങുമ്പോൾ, റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും, ആയത് നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ വീഴ്ചക്കാരനെയും ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിലും അറിയിക്കേണ്ടതുമാണ്.

(6) ഗവൺമെന്റിനോ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിനോ വേണ്ടി ഒരു സ്ഥാവരവസ്തു വാങ്ങുമ്പോൾ, 2013-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരെൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീ-സെറ്റിൽമെന്റ് ആക്റ്റിന്റെ (2013-ലെ 30-ാം കേന്ദ്ര ആക്റ്റ്) 26-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിന്റെയും, 27-ാം വകുപ്പിന്റെയും വ്യവസ്ഥകൾക്ക് അനുസൃതമായി കളക്ടർ വസ്തുവിന്റെ വില കണക്കാക്കേണ്ടതാണ്. അപ്രകാരം കണക്കാക്കുന്ന വില കുടിശ്ശികയും അതിലേക്കുള്ള പലിശയും മറ്റു ചാർജ്ജുകളും വീട്ടുവാൻ പര്യാപ്തമല്ലാത്ത പക്ഷം അത് അപ്രകാരമുള്ള കുടിശ്ശികയിൽ നിന്നും കുറവ് ചെയ്യേണ്ടതും കമ്മിയായിട്ടുള്ള തുക കുടിശ്ശികയായി തുടരുന്നതും, അപ്രകാരം കണക്കാക്കുന്ന തുക കുടിശ്ശികയെക്കാൾ അധികരിക്കുന്ന പക്ഷം കുടിശ്ശിക തീർത്ത ശേഷം ബാക്കി തുക വീഴ്ചക്കാരന്, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ നൽകേണ്ടതുമാണ്.".

9. 50എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 50-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"50എ. ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകൽ.—(1) വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷക്കാലയളവിനുള്ളിൽ, ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകാൻ വീഴ്ചക്കാരൻ അപേക്ഷിക്കുന്ന പക്ഷം, കളക്ടറുടെ അനുമതിയോടു കൂടി, അപേക്ഷിക്കുന്ന തീയതി വരെയുള്ള പ്രോസസ്സിംഗ് ചാർജ്ജും പലിശയും ഉൾപ്പെടെയുള്ള മുഴുവൻ നികുതി കുടിശ്ശികയും ഒടുക്കിയതിനു ശേഷം കളക്ടർ, അപ്രകാരം പണമടച്ചതിന്റെ യഥാർത്ഥ രസീത് അല്ലെങ്കിൽ ട്രഷറി ചലാൻ സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം, അത്തരത്തിലുള്ള ബോട്ട്-ഇൻ-ലാൻഡ് വീഴ്ചക്കാരനു തിരികെ നല്കാൻ ഉത്തരവ് നൽകേണ്ടതാണ്. ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനു വേണ്ടിയാണ് വസ്തു ബോട്ട്-ഇൻ-ലാൻഡ് ആയി വാങ്ങിയിട്ടുള്ള സംഗതികളിൽ, വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷക്കാലയളവിനുള്ളിൽ, വീഴ്ചക്കാരൻ ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകാൻ അപേക്ഷിച്ചാൽ, കളക്ടറുടെ അനുമതിയോടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷിക്കുന്ന തീയതി വരെയുള്ള മുഴുവൻ നികുതി കുടിശ്ശികയും പലിശയും പ്രോസസ്സിംഗ് ചാർജ്ജും ഉൾപ്പെടെയുള്ളവ ഒടുക്കിയതിനുശേഷം ബന്ധപ്പെട്ട സ്ഥാപനത്തിനു ബോധ്യപ്പെടുന്ന പക്ഷം, ബോട്ട്-ഇൻ-ലാൻഡ് വീഴ്ചക്കാരനു തിരികെ നൽകാവുന്നതാണ്.

(2) ബോട്ട്-ഇൻ-ലാൻഡിന്റെ അത്തരം വിൽപ്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷത്തിനു ശേഷം ആയത് തിരികെ നൽകുവാനുള്ള യാതൊരു അപേക്ഷയും പരിഗണിക്കുവാൻ പാടുള്ളതല്ല.

(3) ഗവൺമെന്റോ ഈ ആക്റ്റിലെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനമോ പ്രസ്തുത അഞ്ച് വർഷക്കാലത്തേക്ക് വസ്തു കൈമാറ്റം ചെയ്യുവാനോ പൊതു ആവശ്യത്തിലേയ്ക്ക് വസ്തു നീക്കി വയ്ക്കുവാനോ പാടില്ലാത്തതും, അത്തരം കാലയളവിൽ വസ്തുവിൽ യാതൊരു മാറ്റവും വരുത്തുവാൻ പാടില്ലാത്തതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, വീഴ്ചക്കാരൻ എന്നതിൽ നിയമാനുസൃത അവകാശികളും ഉൾപ്പെടുന്നതാകുന്നു.".

10. <u>54-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 54-ാം വകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ, "കളക്ടർക്ക് കാരണമുണ്ടായിരിക്കുന്നപക്ഷം അദ്ദേഹത്തിനു" എന്ന വാക്കുകൾക്ക് പകരം "കളക്ടർക്ക് കാരണമുണ്ടായിരിക്കുന്നപക്ഷം അദ്ദേഹം, കേൾക്കാനുള്ള ന്യായമായ അവസരം ബന്ധപ്പെട്ട കക്ഷികൾക്ക് നൽകിക്കൊണ്ടും" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

11. <u>57-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 57-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ഈ ആക്റ്റിന്റെ 56-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയ വിൽപന സർട്ടിഫിക്കറ്റ് 1908-ലെ ഇന്ത്യൻ രജിസ്ട്രേഷൻ ആക്റ്റിലെ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്.".

12. <u>69-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 69-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, "ആ ജില്ലയിലെ കളക്ടർക്ക്" എന്ന വാക്കുകൾക്ക് ശേഷം, "1963-ലെ കാലഹരണ ആക്റ്റിൻ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്) കീഴിൽ കടം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാലഹരണപ്പെടുന്നതിന് മുൻപ്" എന്ന വാക്കുകളും ചിഹ്നങ്ങളും അക്കങ്ങളും ചേർക്കേണ്ടതാണ്.

13. 74-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 74-ാം വകുപ്പിൽ,—

(1) (എ) ഇനത്തിൽ "പുരുഷനു്" എന്ന വാക്കിന് പകരം "അംഗത്തിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(2) (ബി) ഇനത്തിൽ "തപാൽ മൂലമോ ആയിരിക്കേണ്ടതാകുന്നു" എന്ന വാക്കുകൾക്ക് പകരം "തപാൽ മൂലമോ ഇ-മെയിൽ വഴിയോ ആയിരിക്കേണ്ടതാകുന്നു" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

14. 83എ, 83ബി, 83സി, 83ഡി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 83-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"83എ. സ്റ്റേയും ഗഡുക്കളും അനുവദിക്കാനുള്ള സർക്കാരിന്റെ പ്രത്യേക അധികാരം.—ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെയടങ്ങിയിരുന്നാലും, 7-ാം വകുപ്പിൻ കീഴിലോ 34-ാം വകുപ്പിൻ കീഴിലോ ഒരു ഡിമാന്റ് നോട്ടീസ് നൽകിയ ശേഷം, വീഴ്ചക്കാരന്റെ അപേക്ഷയിൻമേൽ, സർക്കാരിന്, ഈ ആക്റ്റിൻ കീഴിലുള്ള തുടർനടപടികൾ നീട്ടി വയ്ക്കാവുന്നതും, സർക്കാരിനോ സർക്കാർ യഥാവിധി വിജ്ഞാപനം ചെയ്യുന്ന അത്തരം മറ്റ് ഉദ്യോഗസ്ഥനോ, സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് നിബന്ധനകൾക്ക് വിധേയമായി, 1923-ലെ ജീവനക്കാരുടെ നഷ്ടപരിഹാരം ആക്റ്റിൻ (1923-ലെ 8-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള നഷ്ടപരിഹാര സംഗതികളും ഏതെങ്കിലും കോടതികളുടെയോ ട്രിബ്യൂണലുകളുടെയോ ഉത്തരവ് പാലിക്കുന്നതിന്റെ ഭാഗമായി നൽകേണ്ട ഗ്രാറ്റുവിറ്റി ആനുകൂല്യ തുകകളും ഒഴികെയുള്ള, അത്തരം കുടിശ്ശികകൾ ഗഡുക്കളായി ഒടുക്കാൻ അനുവദിക്കാവുന്നതാണ്.

83ബി. മൊറട്ടോറിയം അനുവദിക്കാനുള്ള സർക്കാരിന്റെ അധികാരം.—ഈ ആക്റ്റിൽ എന്തുതന്നെയടങ്ങിയിരുന്നാലും സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന നിബന്ധനകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി മുഴുവൻ നികുതി വസൂലാക്കൽ നടപടിക്രമങ്ങൾക്കും മൊറട്ടോറിയം അനുവദിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

83സി. ബോട്ട്-ഇൻ-ലാൻഡിനുള്ള തീർപ്പാക്കൽ പദ്ധതി.—സർക്കാരിനോ ഈ ആക്റ്റിലെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ അർത്ഥനാധികാരിക്കോ കുടിശ്ശിക വസൂലാക്കുന്നതിനായി ഈ ആക്റ്റിലെ 50എ വകുപ്പിന് കീഴിലുള്ള നിർദ്ദിഷ്ട കാലയളവിന് മുമ്പായി ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നതിനായുള്ള തീർപ്പാക്കൽ പദ്ധതി ആരംഭിക്കാവുന്നതാണ്. നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ ആരംഭിച്ച ശേഷം, വീഴ്ചക്കാരനും അർത്ഥനാധികാരിയും തമ്മിൽ ഏർപ്പെടുന്ന തീർപ്പാക്കൽ കളക്ടറെയോ അധികാരപ്പെടുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനേയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് നടത്തേണ്ടതാണ്.

83ഡി. തീർപ്പാക്കൽ പദ്ധതിയുടെ അറിയിക്കൽ.—നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ ആരംഭിച്ച ശേഷം, കുടിശ്ശിക വസൂലാക്കുന്നതിനായി അർത്ഥനാധികാരി ഏതെങ്കിലും തീർപ്പാക്കൽ പദ്ധതി ആരംഭിക്കുകയോ അല്ലെങ്കിൽ വീഴ്ചക്കാരനും ബന്ധപ്പെട്ട അർത്ഥനാധികാരിയും തമ്മിൽ ഏതെങ്കിലും തീർപ്പാക്കലിൽ ഏർപ്പെടുകയോ ചെയ്താൽ അത് കളക്ടറെയോ അധികാരപ്പെടുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് നടത്തേണ്ടതാണ്:

എന്നാൽ, തീർപ്പാക്കൽ പദ്ധതിയുടെ കീഴിൽ കുടിശ്ശിക തീർപ്പാക്കുന്ന അത്തരം സന്ദർഭങ്ങളിൽ, വസൂലാക്കൽ നടപടിക്രമങ്ങളുടെ ഭാഗമായി അത്തരം തീർപ്പാക്കൽ തീയതി വരെ വന്നിട്ടുള്ള ചെലവുകൾ, അതതു സംഗതി പോലെ, പ്രോസസ്സിംഗ് ചാർജ്ജുകൾ അല്ലെങ്കിൽ കളക്ഷൻ ചാർജ്ജുകൾ സഹിതം ബന്ധപ്പെട്ട അർത്ഥനാധികാരി ഒടുക്കുവാൻ ബാധ്യസ്ഥനാണ്.”.

(ശരിത്തർജ്ജമ)

ബി. പ്രതാപചന്ദ്രൻ,
*നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.07.26 09:29:41 +05:30